**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**19 January 2018**
**(01 Jamad'ul Awwal 1439 AH)**

## "EVIL EYES" : /കണ്ണുകടി / അസൂയ / കണ്ണുദോഷം / കണ്ണേറ് / ദോഷദൃഷ്ടി

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽഫാതിഹ ഓതിയ ശേഷം /കണ്ണുകടി / അസൂയ / കണ്ണുദോഷം / കണ്ണേറ് / ദോഷദൃഷ്ടി എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

കണ്ണുകടി ഒരു യഥാർത്ഥ്യമാണ്. എന്നാൽ നമുക്ക് സ്വയം അതിൽ നിന്നും സംരക്ഷണം നേടാവുന്നതാണ്. ഈ യഥാർത്ഥ്യത്തെക്കുറിച്ച് നാം ബോധവാന്മാരായിരക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വത്തിൽപെട്ട കാര്യമാണ്. എങ്കിൽ മാത്രമെ ഇതിനെതിരിൽ നമുക്ക് പോകുവാൻ സാധിക്കുകയുള്ളു. ഇൻശാ അല്ലാഹ് ! ആയതിനാൽ കണ്ണുകടി എന്താണ് എന്ന് ഞാൻ ആദ്യമെ വിവരിക്കാം. അതിന് ശേഷം ഇതിൽ നിന്നും രക്ഷപെടുവാനുള്ള വഴികൾ നിർദ്ദേശിക്കാം. ഇൻശാ അല്ലാഹ്

കണ്ണുകടി എന്താണ് ? ഒരാൾ നിർബന്ധപൂർവ്വം നിലകൊള്ളലാണത് അഥവാ തന്റെ മ്ളേച്ഛമായ ഇച്ഛയെ പൂർത്തീകരിക്കുവാൻ ഒരുവനെ തുറിച്ചു നോക്കുകയോ, അതുപോലുള്ള മറ്റ് പ്രവൃത്തികൾ ചെയ്യുന്നതിലൂടെയുണ്ടാകുന്ന ദോഷഫലത്തെയാണ് കണ്ണുകടി എന്നു പറയുന്നത്. കണ്ണുകടി ഒരുവൻ ശത്രുതയോടെ മറ്റൊരാളെ നോക്കുന്നതിലൂടെയും അതിൽ നിർബന്ധപൂർവ്വം നിലകൊള്ളുന്നതിലൂടെയുമാണുണ്ടാകുന്നത്. ഈ കണ്ണുകടി നല്ല കാര്യത്തിലുമുണ്ടാകാം, ഒരു ജീവിയിലുമുണ്ടാകാം, ഒരസ്തിത്വത്തിലുമുണ്ടാകാം. അത് ധാതുലോകത്തിലാകാം മൃഗലോകത്തിലാകാം, സസ്യലോകത്തി

ലുമാകാം.

മനഃപൂർവ്വം അത്ഭുതത്തോടെ, ഒരു വ്യക്തിയിലേക്ക് അഥവാ ഒരു സാധനത്തിലേക്ക്, ഒരു നോട്ടം, അത് ചെന്നെത്തിയാൽ അവയിൽ അതിന് ഒരു സ്വാധീനം ഉണ്ടാകുന്നതാണ്. അല്ലാഹു (ത) പറയുന്നു. അവിശ്വാസികൾ ഈ ഉദ്ബോധനം കേൾക്കുമ്പോൾ തങ്ങളുടെ ദേഷ്യ ദൃഷ്ടികൾ കൊണ്ട് നിന്നെ അവർ തുറിച്ചു നോക്കുന്നു (68 : 52)

ഒരു ഖുർആനിക വചനത്തിന് അനേകം വ്യംഗ്യാർത്ഥങ്ങളുണ്ട്. നമ്മുടെ ഇപ്പോഴത്തെ വിഷയത്തിൽ, ഇതിന് കണ്ണുകടി എന്ന് തറപ്പിച്ചു പറയുവാൻ കഴിയും. അവിശ്വാസികൾ ദൈവദൂതനെ പീഡിപ്പിക്കുവാൻ ആഗ്രഹിക്കുന്നവരാണ്. അതവരുടെ കണ്ണുകടി മൂലമാണ്. അതോടൊപ്പം നമ്മുടെ പ്രവാചകൻ (സ) നമുക്ക് കണ്ണുകടിയെപറ്റിയും അസൂയക്കാരനെ പറ്റിയുമുള്ള എത്ര മുന്നറിയിപ്പുകളാണ് നല്കിയിട്ടു പോയത് ! അത് നമുക്ക് ലഭിച്ച ഏറ്റവും വലിയ അനന്തരാവകാശ നിധി തന്നെ ! ശപിക്കപ്പെട്ട സാത്താനെ പറ്റിയും അവന്റെ കുതന്ത്രങ്ങളെ പറ്റിയുമുള്ള എത്ര എത്ര മുന്നറിയിപ്പുകൾ.

ഇബ്ന് അബ്ബാസ് (റ) റിപ്പോർട്ട് ചെയ്യുന്നു. അല്ലാഹുവിന്റെ ദൂതർ (സ) പറഞ്ഞു കണ്ണുകടി/ കണ്ണ്ദോഷം എന്നത് സത്യമാണ്. ഒ ര ു കാര്യം ഈശ്വരവിധിക്ക് മുമ്പേ നടക്കുകയാണെങ്കിൽ അത് കണ്ണ് ദോഷം തന്നെയാണ് (മുസ്ലിം, അഹ്മദ്, തിർമിദി)

കണ്ണുദോഷത്തിൽ നിന്നും സംരക്ഷണം നേടേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അത് ഊന്നിപറയേണ്ടതുമാണ്. നമുക്കറിയാം ഈ യാഥാർത്ഥ്യം നമുക്ക് വളരെ അപകടകരമാണ് എന്ന് ! പ്രവാചകർ (സ) ഇത്തരം അപകടങ്ങളിൽ നിന്ന് മുക്തി നേടുവാൻ ദൈവീകാഭയം തേടിയിട്ടുണ്ട്. അതെ അബൂസൈദ് (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. മനുഷ്യരുടെ കണ്ണുദോഷത്തിൽ നിന്നും രക്ഷപ്പെടുവാൻ പ്രവാചകൻ (സ) സംരക്ഷണം തേടിയിരുന്നു. (തിർമിദി)

ഇത് നമ്മെ പഠിപ്പിക്കുന്നത് കണ്ണുകടി/കണ്ണുദോഷം ഒരു യഥാർ

തഥ്യമാണ്. അത് നമ്മെ ബുദ്ധിമുട്ടിക്കുന്നതാണ്, ആയതിനാൽ നാം അതിൽ നിന്നും സംരക്ഷണം നേടികൊള്ളേണ്ടതാണ്.

## കണ്ണേറിൽ നിന്ന് രക്ഷപ്പെടാനുള്ള 10 വഴികൾ

1. ഒന്നാമത്തെ വഴി അല്ലാഹുവിൽ അഭയം പ്രാപിക്കുക. അവനോട് സംരക്ഷണം ചോദിക്കുക അസൂയാലുവിന്റെ അസൂയയിൽ നിന്നുള്ള രക്ഷാമാർഗ്ഗം അതു തന്നെ ! ഇതു സംബന്ധമായി സൂറ : അൽഫല ഖിൽ അധ്യായം 113 ൽ അല്ലാഹു (ത) പറയുന്നു. പറയുക, പ്രഭാത ത്തിന്റെ നാഥനെ ഞാൻ അഭയം പ്രാപിക്കുന്നു. അവൻ സൃഷ്ടാച്ചി ട്ടുള്ളവയുടെ ദോഷങ്ങളിൽ നിന്നും രാവിന്റെ അത് സർവ്വത്ര അന്ധ കാര നിബിഡമാകുമ്പോഴുള്ള ദോഷങ്ങളിൽ നിന്നും, കെട്ടുകളിൽ ഊതുന്നവരുടെ ഉപദ്രവങ്ങളിൽ നിന്നും, അസൂയാലു അസൂയ വെക്കു മ്പോൾ അവന്റെ ഉപദ്രവത്തിൽ നിന്നും (ഞാൻ ശരണം തേടുന്നു) അവസാനം നമുക്ക് കണ്ണേറുമൂലമുള്ള ദോഷങ്ങളിൽ നിന്നും നമുക്ക് അവനിൽ അഭയം തേടാവുന്നതാണ്.
2. രണ്ടാമത് ഒരാൾക്ക് കണ്ണുദോഷത്തിൽ നിന്നും രക്ഷപ്പെടാനുള്ള ഒരു വഴി അല്ലാഹുവിന്റെ കല്പനകൾ തന്റെ നിത്യജീവിതത്തിൽ നടപ്പിലാക്കുക. അതുപോലെ നിരോധിച്ചിട്ടുള്ള കാര്യങ്ങളിൽ നിന്നും നിത്യജീവിതത്തിൽ മാറി നില്ക്കുക. നമ്മുടെ രക്ഷകൻ നമുക്ക് വെളി പ്പെടുത്തിയിരിക്കുന്നു, നിങ്ങൾ ക്ഷമകൈകൊള്ളുകയും, സ്വാതികത കാത്തുസൂക്ഷിക്കുകയും ചെയ്താൽ (അതായത് സത്ചരിതരായി, അല്ലാഹുവിനെ ഭയപ്പെട്ടു കഴിഞ്ഞാൽ) അവരുടെ പദ്ധതികളൊന്നും നിങ്ങളെ ബാധിക്കുകയില്ല. 3 :121 നാം നല്ലവരായാൽ നമ്മെ ദൈവം സംരക്ഷിച്ചുകൊള്ളും എന്നു സാരം ഇൻശാ അല്ലാഹ്.
3. ദൈവീക സംരക്ഷണം കാട്ടുവാനുള്ള മൂന്നാമത്തെ വഴി ക്ഷമയും സഹനതയും ഉണ്ടായിരിക്കുക എന്നതാണ്. കണ്ണുകടിയുമായി ഒരു വൻ നമ്മെ സമീപിക്കുമ്പോൾ ക്ഷമയും സഹനതയുമായ ആയുധ ങ്ങൾ കയ്യിലെടുക്കുക. നാം ശത്രുവിനോട് പോരാടേണ്ടതില്ല.

അല്ലാഹു നമ്മെ സംരക്ഷിച്ചു കൊള്ളും. അല്ലാഹു (ത) പറയുന്നു. അതങ്ങനെ തന്നെയാണ്. എന്നൊരാൾ താൻ ഉപദ്രവിക്കപ്പെട്ട അത്ര അങ്ങോട്ടും പ്രതികാരം ചെയ്യുകയും, എന്നിട്ട് അയാൾക്കെതിരിൽ അക്രമം നടത്തപ്പെടുകയും ചെയ്യുന്നതായാൽ തീർച്ചയായും അല്ലാഹു അയാളെ സഹായിക്കുന്നതാണ്. 26 : 61 അക്രമത്തെ അക്രമം കൊണ്ട് നേരിടാതിരിക്കുക. അപ്പോൾ നമ്മുടെ രക്ഷകൻ നമ്മെ രക്ഷിക്കുന്നതാണ്.

4. ദൈവീക സംരക്ഷണം ലഭിക്കുവാനുള്ള നാലാമത്തെ വഴി, അല്ലാഹുവിനെ സമ്പൂർണ്ണമായും അവലംബിക്കുക എന്നതാണ്. ഈ ഉപദ്രവത്തിൽ നിന്നും നമ്മുടെ സൃഷ്ടാടാവായവൻ സംരക്ഷിക്കുന്നതാണ് എന്ന് വിശ്വസിച്ച് ഭരമേല്പിക്കുക, അല്ലാഹു (ത) പറയുന്നു. തന്റെ കാര്യങ്ങൾ അല്ലാഹുവിൽ ഭരമേല്പിക്കുന്നവരാരോ അവന് അല്ലാഹു മതിയായവനാണ്. 65:4. നാം അല്ലാഹുവിൽ ഭരമേല്പിക്കുമ്പോൾ നമുക്കുണ്ടാകുന്ന ഉപദ്രവങ്ങളിൽ നിന്നും അവൻ നമ്മെസംരക്ഷിക്കുന്നതാണ്. കണ്ണേറിന്റെ ഉപദ്രവം ഉൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ!

5. കണ്ണുകടിയുടെ ഉപദ്രവങ്ങളിൽ നിന്ന് ഒരാൾക്ക് സുരക്ഷിതാനാകാനുള്ള അഞ്ചാമത്തെ വഴി, അസൂയാലൂവായ വ്യക്തിയുമായി ബന്ധപ്പെട്ട ചിന്തകളിൽ നിന്നും ഹൃദയത്തെ മോചിപ്പിക്കുക. അങ്ങനെ ആയാൽ ദുഷ്ടന്റെ ചെയ്തികൾ നമുക്ക് കണ്ടു പിടിക്കുവാൻ സാധിക്കും. അക്കാര്യത്തിൽ നാം പ്രത്യേക ശ്രദ്ധയൊന്നും കൊടുക്കേണ്ടിവരില്ല. നമ്മുടെ ആത്മാവ് നേർമ്മയുള്ളതായി തീരുകയും, ശത്രുവും, ശത്രുവിന്റെ ശത്രുതയും അവിടെ ഏല്ക്കുകയില്ല.

6. കണ്ണുകടിക്കാരനെതിരിൽ ചെയ്യാവുന്ന ആറാമത്തെ വഴി, നാം നമ്മുടെ പാാത ദൈവത്തിലേക്ക് ആക്കുക എന്നതാണ്. നമ്മുടെ ആത്മാവ് ദൈവ സ്നേഹത്താൽ നിറഞ്ഞു തുളുമ്പണം. നാം അവനോട് പശ്ചാത്തപിച്ചു കൊണ്ടിരിക്കണം. സത്യവിശ്വാസികൾക്ക് ബുദ്ധിമുണ്ടാകു

വാനുള്ള സാത്താന്റെ പ്രവർത്തിയിലായിരിക്കും കണ്ണുകടിക്കാരൻ. ആയതിനാൽ അല്ലാഹുവിലേക്ക് നാം തിരിയേണ്ടതാണ് അങ്ങനെ ആയാൽ അവന്റെ (അല്ലാഹുവിന്റെ) ശത്രുവും ശത്രു സൈന്യത്തിനും നമ്മെ ഉപദ്രവിക്കുവാൻ സാധിക്കുകയില്ല. അല്ലാഹു (ത) സാത്താന്റെ വാക്കുകൾ എടുത്ത് പറയുന്നു.

സാത്താൻ പറയുന്നു ! എന്നാൽ നിന്റെ പ്രതാപത്തെ കൊണ്ട് സത്യം ! അവരെല്ലാവരേയും ഞാൻ വഴി തെറ്റിക്കുക തന്നെ ചെയ്യും. എന്നാൽ അവരിൽ നിന്നുള്ള വരിഷ്ഠ ദാസന്മാർ അതിൽ ഉൾപ്പെടുകയില്ല. 38 : 83,84. അല്ലാഹു (ത) പറയുന്നു സ്ഥിരചിത്തരായി നിലകൊള്ളുകയും തങ്ങളുടെ നാഥനെ എല്ലാം ഭരമേല്പിക്കുകയും ചെയ്യുന്നവരാണവർ 15 : 43 നാം സൃഷ്ടാവിന്റെ സംരക്ഷണവലയത്തിലകപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവന്റെ ദാസന്മാരായി എണ്ണപ്പെടണമെങ്കിൽ, നമ്മെ പരിത്യജിച്ച് അവനെ പുൽകേണ്ടതാണ്.

7. കണ്ണേറു ദോഷത്തിൽ നിന്നും മുക്തി നേടാനുള്ള ഏഴാമത്തെ മാർഗ്ഗം നാം ചെയ്തു പോയ തെറ്റുകളിൽ നിന്ന് പശ്ചാത്തപിച്ചു മടങ്ങുക എന്നതാണ്. അല്ലാഹു (ത) പറയുന്നു. എല്ലാ മനുഷ്യരും അവൻ സമ്പാദിച്ചിട്ടുള്ളതിന് പണയമാണ് 52 : 22 അങ്ങനെ കണ്ണേറിന്റെ ദോഷഫലം നമ്മിൽ എത്തുന്നുവെങ്കിൽ, ഈ ദോഷം നമ്മുടെ ചെയ്തികൾ മൂലമാണ്. ആയതിനാൽ നമുക്ക് പശ്ചാത്തപിച്ചു മടങ്ങാം. അങ്ങനെ നമുക്ക് ദൈവീക സംരക്ഷണത്തിലാകാം ഇൻശാ അല്ലാഹ് !

8. എട്ടാമത്തെ വഴി കാരുണ്യവുമായി ബന്ധിതമാണ്. കഴിയുന്നിടത്തോളം ധനം സംഭവാനകളായും ദീനാനുകമ്പ പ്രവർത്തനങ്ങൾക്കുമായി ചെലവിടുക. ഈ നല്ല പ്രവർത്തനങ്ങൾ നമ്മിൽ എത്താവുന്ന കണ്ണുകടിയിൽ നിന്നും നമ്മെ സംരക്ഷിക്കുന്നതാണ്. ഇൻശാ അല്ലാഹ് ! നന്മ ചെയ്യുന്നവനെ അവൻ ചെയ്യുന്ന നന്മയിലൂടെ സംരക്ഷിക്കുന്നതാണ്. നാം കാണിക്കുന്ന ദയയും കാരുണ്യവും നമ്മെ തന്നെ സംരക്ഷിച്ചു നിർത്തുവാൻ, നമ്മിൽ തന്നെയുള്ള പരിചയാണ്.

9 ഒൻപതാമത്തെ മാർഗ്ഗം പൂർത്തിയാക്കുവാൻ വളരെ വിഷമകരമായതാണ്. അതായത് തിന്മ ചെയ്യുന്നവനോട് നന്മ ചെയ്യുക എന്നതാണ് ആ മാർഗ്ഗം. ഈ കാര്യത്തിന് വളരെ വലിയ സ്വാത്വികതയും അല്ലാഹുവിലുള്ള ഭരമേല്പിക്കലും അനിവാര്യമാണ്. അല്ലാഹുവിന്റെ പക്കൽ വളരെ വലിയ സ്ഥാനമുള്ളവർക്ക് മാത്രമെ ഇത് പൂർത്തികരിക്കുവാൻ സാധിക്കുകയുള്ളു. അല്ലാഹു (ത) പറയുന്നു. നല്ലതും ചീത്തയും സമമാവുകയില്ല. അതിനാൽ ഏറ്റവും നല്ലതേതോ അതുകൊണ്ട് (ചീത്തയെ) തടയുക. അപ്പോൾ നീയുമായി ശത്രുതയിൽ കഴിഞ്ഞുകൂടുന്നുവൻ പെട്ടെന്നതാ ഒരാത്മമിത്രമെന്നപോലെ ആയി തീരുന്നു. എന്നാൽ സ്ഥിരചിത്തത കൈകൊണ്ടവർക്കല്ലാതെ അത് പ്രാപ്യമാവുകയില്ല. (നന്മയുടെ) വലിയ ഒരാംശം കരസ്ഥമാക്കിയവർക്കല്ലാതെ (അത് പ്രാപ്യമാവുകയില്ല) പിശാചിൽ നിന്നുള്ള വല്ല ദുഷ്പ്രേരണയും നിന്നെ ബാധിക്കുന്നതായാൽ, അപ്പോൾ നീ അല്ലാഹുവിനെ അഭയം പ്രാപിച്ചു കൊള്ളുക. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു (41 : 35-37)

അങ്ങനെ നന്മകൊണ്ട് തിന്മയെ തിരിച്ചോടിക്കുക എന്നത് നമ്മുടെ സൃഷ്ടാവിന്റെ പ്രത്യേക അധികാരത്തിൽപെട്ടകാര്യമാണ്. അതിലൂടെ ദുഷ്ടലാക്കുള്ളവരിൽ നന്നും നാം സംരക്ഷിക്കപ്പെടുന്നു. ഈ കഴിവ് എല്ലാവർക്കും നല്കപെട്ടിട്ടില്ല. ഇതു കരസ്ഥമാക്കുന്നത് വളരെ വലിയ പ്രയാസമുള്ള കാര്യമാണ്. ഇത് കരസ്ഥമാക്കുവാനുള്ള കഴിവ് അല്ലാഹു (ത) നമുക്ക് പ്രദാനം ചെയ്യട്ടെ !

10. അവസാനത്തെ പത്താമത്തെ വഴി മുൻ കടന്ന എല്ലാ വഴികളെയും മറികടക്കുന്നതാണ്. അതായത് ഇത് തൗഹീദാകുന്നു. (സംശുദ്ധമായ ഏക ദൈവവിശ്വാസം) അല്ലാഹു (ത) ആകുന്നു എല്ലാ കാര്യങ്ങളും വിധിക്കുന്നത്. ഓരോ മൂലഘടകവും നിലനില്ക്കുന്നതും സംഭവിക്കുന്നതും അവന്റെ മാത്രം അനുവാദത്തോടെയാണ്. കണ്ണേറോ അഥവാ മറ്റു ദോഷങ്ങളോ അവന്റെ ദാസന്മാരിൽ നിന്നും നീക്കം ചെയ്യുവാൻ

അവനു മാത്രമെ കഴിയുകയുള്ളു. നിശ്ചയം ! അല്ലാഹു പറയുന്നു. അല്ലാഹു (ത) നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടുവരുവാൻ അവൻ അനുവദിച്ചാൽ, അതു മാറ്റുവാൻ ഒരാൾക്കും സാധിക്കുകയില്ല. എന്നാൽ അവനു മാത്രമെ അതിനു സാധിക്കുകയുള്ളു. ഇനി അവൻ നിങ്ങൾക്ക് എന്തെങ്കിലും ഗുണം ഉദ്ദേശിക്കുന്ന പക്ഷം അവന്റെ അനുഗ്രഹത്തെ തടയുന്നവനും ആരുമില്ല. തന്റെ ദാസന്മാരിൽ നിന്ന് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അത് എത്തിച്ചു കൊടുക്കുന്നു. അവൻ സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. 10 : 108

തൗഹീദ് അല്ലാഹുവിന്റെ ഏറ്റവും മഹത്തായ കോട്ടയാണ്. അതിൽ ആര് പ്രവേശിക്കുന്നുവോ അവൻ അവിടെ സുരക്ഷിതനാണ്. തീർച്ചയായും അല്ലാഹുവിനെ ആര് ഭയപ്പെടുന്നുവോ അവനെ എല്ലാവരും ഭയപ്പെടും. അല്ലാഹുവിനെ ആര് ഭയപ്പെടുന്നില്ലയോ അവൻ എല്ലാറ്റിനേയും ഭയപ്പെടും.

നമ്മുടെ പാപങ്ങൾ അല്ലാഹു പൊറുത്തുതരട്ടെ ! അവനിലേക്കുള്ള അവന്റെ വഴി നമുക്ക് തുറന്നുതരട്ടെ ! അവൻ നമുക്ക് ക്ഷമ പ്രദാനം ചെയ്യട്ടെ ! സഹനത പ്രദാനം ചെയ്യട്ടെ ! നമ്മെ പരീക്ഷണങ്ങൾ പിടിച്ചു കുലുക്കുമ്പോൾ! ശത്രുവിന്റെ ശത്രുതയിൽ നിന്നും അവൻ നമ്മെ സംരക്ഷിക്കട്ടെ ! അവൻ അസൂയപ്പെടുമ്പോൾ ! അവൻ മാത്രമാണ് നമ്മുടെ രക്ഷാഗേഹം ! അവൻ മാത്രമാണ് നമ്മുടെ പ്രതീക്ഷ ! പ്രതിസന്ധികളിൽ അവൻ മാത്രമാണ് നമ്മുടെ വിശ്വസ്തനായ സ്നേഹിതൻ! അവനിൽ നാം ഭരമേല്പക്കുന്നു. നമ്മുടെ മടക്കവും അവനിലേക്ക് തന്നെ ! ഇൻശാ അല്ലാഹ് ! ആമീൻ

## മൗറിഷ്യസിനും മാനവരാശിക്കും വേണ്ടി പ്രാർത്ഥിക്കുക.

എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിന് മുൻപ്, ഈ വർഷാരംഭം മുതൽ മൗറിഷ്യസിൽ വളരെയധികം വിപത്തുകൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ജനുവരി 1-ാം തീയതി തന്നെ രണ്ട് ചെറുപ്പക്കാരായ മുസ്ലിംകൾ, ഒരു കാർ അപകടത്തിൽ മരണപ്പെടുകയുണ്ടായി . കൊലപാതക

ങ്ങളും അരങ്ങേറുകയുണ്ടായി. 1-ാം തീയതി മുതൽ തുടങ്ങിയ മഴ തുടരുകയാണ്. കുറച്ചു ദിവസങ്ങൾക്കു മുൻപ് ഒരു കൊടുങ്കാറ്റിനും നാം സാക്ഷ്യം വഹിച്ചിരിക്കുകയാണ്. ഇന്നലെ അതു ശമിച്ചിരിക്കുന്നു. കൊടുങ്കാറ്റു സംബന്ധമായ മുന്നറിയിപ്പുകളൊക്കെ നീക്കം ചെയ്തിരിക്കുന്നു. കൊടുങ്കാറ്റ് ഗണത്തിലെ 3-ാം വിഭാഗത്തിൽ പെടുന്നതായിരുന്നു. ഈ കൊടുങ്കാറ്റു മൂലം ശക്തമായ മഴയും വീടുകൾക്ക് നാശനഷ്ടങ്ങളും സംഭവിച്ചിരിക്കുന്നു.

ലോകത്ത് എല്ലായിടത്തും ഋതുക്കൾക്ക് മാറ്റം സംഭവിച്ചു കൊണ്ടിരിക്കുന്നു. പരിസ്ഥിതിക്ക് മാറ്റം സംഭവിക്കുന്നു. എല്ലാവിധ വിപത്തുകളിൽ നിന്നും മാനവകുലത്തെ അല്ലാഹു (ത) രക്ഷിക്കട്ടെ ! അവിശ്വാസകളുടെ ആക്രമണത്തിൽ നിന്ന് ഉമ്മത്തിനെ രക്ഷിക്കട്ടെ ! മുസ്ലിംകളെയും മാനവകുലത്തിനെയും ആര് സഹായിക്കുന്നുവോ അവരെ അത് മുസ്ലിമാകട്ടെ അമുസ്ലികളാകട്ടെ അവരെ അല്ലാഹു സംരക്ഷിക്കട്ടെ ! നാമെല്ലാം മനുഷ്യരാണ്. ആ നിലയിൽ നാം പരസ്പരം സഹായിക്കേണ്ടവരാണ്. ഇൻശാ അല്ലാഹ് !

നമ്മെ എല്ലാവരെയും അല്ലാഹു അനുഗ്രഹിക്കട്ടെ. ലോകത്തു സമാധാനം സ്ഥാപിക്കുവാൻ നമുക്ക് കൈകോർക്കാം. ദൈവം ഇഷ്ടപ്പെടുന്ന നിലയിൽ സത്യവും നീതിയും സ്ഥാപിക്കാം. ഇൻശാ അല്ലാഹാ ! ആമീൻ.

**Translated By : R. Jamaludin Raother**
**& Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**